"ഭരണഭാഷ- മാതൃഭാഷ"

## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോട്ടയം ജില്ലയിലെ കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സി.ഇ. വിജയൻ നായർക്കെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

### തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.2663/2022/LSGD തീയതി,തിരുവനന്തപുരം, 02-11-2022

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടറുടെ 17.09.205-ലെ ഇട(എസ് സി 24/5/കെടിഎം) 2266,205 നമ്പർ കത്ത്.
2. സർക്കാരിന്റെ 20.06.2016-ലെ 656/ഇപിബി2/2015/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
3. ശ്രീ. സി.ഇ. വിജയൻ നായർ സമർപ്പിച്ച 03.09.2016 ലെ പ്രതിവാദ പത്രിക.
4. സർക്കാരിന്റെ 19.07.2017-ലെ 656 ഇപിബി2/2015/തസ്വഭവ നമ്പർ പുതുക്കിയ കാരണം കാണിക്കൽ നോട്ടീസ്.
5. ശ്രീ. സി.ഇ. വിജയൻ നായർ സമർപ്പിച്ച 26.09.2017 ലെ പ്രതിവാദ പത്രിക.
6. സ.ഉ.(സാധാ)നം. 1300/2018/തസ്വഭവ തീയതി, 09/05/2018.
7. കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 2201209 ലെ എവിഎസ്. 978 2016 നമ്പർ കത്ത്
8. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 26/05/2020 ലെ A1-1/6/2020-KPSC നമ്പർ കത്ത്.

### ഉത്തരവ്

കോട്ടയം ജില്ലയിലെ കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. വിജിലൻസ് പരിശോധനയിൽ ശ്രീ. മനോജ് നീലമ്പാടം എന്നവർ പഞ്ചായത്തിൽ നിന്നും കെട്ടിട നിർമ്മാണ അനുമതി വാങ്ങാതെ അധികൃതമായി നിർമ്മിച്ച ഇരുനില വാണിജ്യ കെട്ടിടം 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 27(3), 27(5), 28, 38 പാലിക്കാതെയുള്ളതാണെന്നും ആയതിന് പെർമിറ്റ് നല്കിയതിന് കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. സി.ഇ. വിജയൻ നായർ ഉത്തവാദിയാണെന്നും ടിയാനെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കണമെന്നും വിജിലൻസ് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ശ്രീ. സി.ഇ. വിജയൻ നായർ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ കെ.എസ്.ആർ. ഭാഗം 3 ചട്ടം (ബി) പ്രകാരമുള്ള അടക്ക സ്വീകരിക്കുന്നതിന്റെ ഭാഗമായി

ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപ വീതം 2 വർഷത്തേയ്ക്ക് കുറവ് വരുത്താൻ താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി.

കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. സി.ഇ. വിജയൻ നായർ പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയുടെ അടിസ്ഥാനത്തിൽ ടിയാനെ നേരിൽ കേൾക്കുകയും നേരിൽ കേട്ട വേളയിൽ വെളിപ്പെടുത്തിയ വിവരങ്ങളിൽ നിന്നും ശ്രീ. മനോജ് നിലമ്പാടം നിയമപ്രകാരമല്ലാതെയും അനുമതി വാങ്ങാതെയും പണി ആരംഭിച്ച കെട്ടിടത്തിന് 22/03/2014 ൽ സ്റ്റോപ്പ് മെമ്മോ നൽകിയെങ്കിലും ടിയാൻ പണി തുടർന്നതിനെതിരെ വിണ്ടും നടപടി സ്വീകരിച്ചത് 26/05/2015 ലാണെന്നും 22/03/2014-ൽ സ്റ്റോപ്പ് മെമ്മോ നൽകിയശേഷം ഒരു പരിശോധന നടത്തിയിരുന്നുവെങ്കിൽ ടിയാന് കെട്ടിടം പണി പൂർത്തീകരിക്കുവാൻ സാധിക്കുമായിരുന്നില്ലെന്നും ശ്രീ. സി.ഇ. വിജയൻ നായരുടെ ഭാഗത്തുനിന്നും ബോധപൂർവ്വമല്ലെങ്കിൽപ്പോലും മേൽനോട്ടക്കുറവ് സംഭവിച്ചിട്ടുള്ളതായി സർക്കാർ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപ വിതം 2 വർഷത്തേക്ക് കുറവ് ചെയ്യാൻ സർക്കാർ എടുത്ത താൽക്കാലിക തീരുമാനത്തിൽ ഇളവു വരുത്തി കെ.എസ്.ആർ പാർട്ട് 3 ചട്ടം 3 (ബി) പ്രകാരം 50/- രൂപ വീതം ഒരു വർഷത്തേക്ക് കുറവ് ചെയ്യുന്നതിന് താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (4) പ്രകാരം പുതുക്കിയ കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. സി.ഇ. വിജയൻ നായർ പരാമർശം (5) പ്രകാരം പ്രതിവാദപത്രിക സമർപ്പിക്കുകയുണ്ടായി. തുടർന്ന് ടിയാനെതിരായ ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി പരാമർശം (6) പ്രകാരം ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ പരാമർശം (7) പ്രകാരം അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

ശ്രീ. മനോജ് നിലമ്പാടത്തിന് 09/04/2008-ൽ കെട്ടിട നിർമാണ അനുമതി നൽകിയെങ്കിലും നിശ്ചിത കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിച്ചില്ലെന്നും 2014-ൽ ശ്രീ. മനോജ് പഞ്ചായത്തിൽ NOC യ്ക്ക് അപേക്ഷിക്കുകയും സാങ്കേതിക വിഭാഗം നടത്തിയ പരിശോധനയിൽ കെട്ടിട നിർമ്മാണം ആരംഭിച്ചതായും 2011 ലെ കെട്ടിട നിർമ്മാണ ചട്ടം പാലിക്കാതെയുമാണെന്ന് കണ്ടെത്തിയിട്ടുണ്ടെന്നും 20/06/2015-ന് കെട്ടിടം പൊളിച്ചു നീക്കാതിരിക്കാൻ കാരണം കാണിക്കൽ നോട്ടീസ് നൽകിയെന്നും ആയതിന് 03/07/2015-ൽ നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ 15 ദിവസത്തിനുള്ളിൽ പൊളിച്ചു നീക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് 03/08/2015-ന് വീണ്ടും നോട്ടീസ് നൽകുകയുണ്ടായിയെന്നും എന്നാൽ അപാകതകൾ പരിഹരിച്ചെന്ന് പഞ്ചായത്തിനെ അറിയിച്ചതിനെ തുടർന്ന് സാങ്കേതിക വിഭാഗം പരിശോധിച്ച് ആയത് ശരിയാണെന്നു കണ്ടെത്തിയിട്ടുണ്ടെന്നും കെട്ടിട നിർമ്മാണം നിർത്തിവെക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. മനോജിന് 20/03/2041-ൽ സ്റ്റോപ്പ് മെമ്മോ നൽകിയ ശേഷം 20/06/2015 വരെ തുടർനടപടികൾ സ്വീകരിക്കാതിരുന്നതിൽ ശ്രീ. സി.ഇ. വിജയൻ നായരുടെ മേൽനോട്ടക്കുറവുണ്ടായിട്ടുള്ളതായി അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ 24/5/2019 ൽ അപേക്ഷകനെ നേരിൽ കേട്ടു. ഇക്കാര്യം വിശദമായി പരിശോധിച്ചു. അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിൽ നിന്നും കെട്ടിട നിർമ്മാണം നിർത്തിവെക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. മനോജ് നിലമ്പാടത്തിന് 20/03/2014-ൽ സ്റ്റോപ്പ് മെമ്മോ നൽകിയ ശേഷം 20/06/2015 വരെ തുടർനടപടികൾ സ്വീകരിക്കാതിരുന്നതിൽ ശ്രീ. സി.ഇ. വിജയൻ നായരുടെ മേൽനോട്ടക്കുറവുണ്ടായിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ശ്രീ. സി.ഇ. വിജയൻ നായരുടെ പ്രതിമാസ പെൻഷനിൽ നിന്ന് 50 - രൂപ വീതം 1 വർഷത്തേക്ക് കുറവ് വരുത്തുവാനുള്ള താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നതിനമേൽ ബഹു. പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ലഭ്യമാക്കുന്നതിനായി സമർപ്പിക്കുകയുണ്ടായി.

ഈ കേസ് ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പഞ്ചായത്ത് അധികൃതരേയും നിയമ വ്യവസ്ഥയേയും അവഹേളിച്ചുകൊണ്ടുള്ള സ്വകാര്യവ്യക്തിയുടെ നിർമ്മാണ പ്രവർത്തനം എന്തുവില കൊടുത്തും തടയാൻ ബാധ്യതപ്പെട്ട

ഉദ്യോഗസ്ഥനെന്ന നിലയിൽ ശ്രീ. വിജയൻ നായരുടെ നടപടി അങ്ങേയറ്റം നിരുത്തരവാദപരമാണെന്നും, കുറവിലങ്ങാട് കുറുപ്പന്തറ വൈക്കം സംസ്ഥാന പാതയോരത്താണ് ഈ അനധികൃത നിർമ്മാണം നടന്നത് എന്ന് കാണുമ്പോൾ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ശ്രീ.വിജയൻ നായർ എത്രമാത്രം അലംഭാവം കാണിച്ചു എന്നും ബോധ്യപ്പെടുന്നുണ്ടെന്നും, ആയതിനാൽ ശ്രീ. സി.ഇ. വിജയൻ നായരുടെ നടപ്പാക്കാനുദ്ദേശിച്ച ശിക്ഷയിൽ ഇളവ് നൽകേണ്ട കാര്യമില്ലെന്നും പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപ വീതം രണ്ട് വർഷത്തേക്ക് കുറവ് ചെയ്യാനെടുത്ത മുൻതീരുമാനത്തിൽ തന്നെ ഉറച്ചു നിൽക്കേണ്ടതാണെന്നും ബഹു: കമ്മീഷൻ നിരീക്ഷിക്കുകയും സർക്കാരിനെ അപ്രകാരം ഉപദേശിക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. ബഹു. പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. സി.ഇ. വിജയൻ നായരുടെ പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപാ വീതം രണ്ട് വർഷത്തേക്ക് കുറവു വരുത്തുന്നതിനെടുത്ത മുൻതീരുമാനം സ്ഥിരപ്പെടുത്തി ടിയാനെതിരെ ആരംഭിച്ച ഇച്ചടക്കനടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

1. ശ്രീ. ശ്രീ. സി.ഇ. വിജയൻ നായർ, മുൻ സെക്രട്ടറി, കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത്, കോട്ടയം (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന).
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം.
7. വിജിലൻസ് വകുപ്പ് (08/10/2015 ലെ 11611/ഡി3/2015/വിജി പ്രകാരം)
8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/656/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by Noushad M
Date: 02-11-2022 13:57:43
സെക്ഷൻ ഓഫീസർ